**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **11.02.2020-ൽ മറുപടിക്ക്**

**നമ്പർ.1891**

**പി.എസ്.സി. പരീക്ഷകളിലെ ക്രമക്കേട്**

**ചോദ്യം**

ശ്രീ.അൻവർ സാദത്ത്

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെ പി.എസ്.സി. പരീക്ഷകളിൽ നടത്തുന്ന ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പി.എസ്.സി. പരീക്ഷാ നടത്തിപ്പിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും കൂടുതൽ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന്റെ ഭാഗമായി മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുകയും പരീക്ഷാകേന്ദ്രത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് പോലീസിന്റെ സൈബർ ക്രൈം വിഭാഗം പി.എസ്.സി. ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. |
| (ബി) | ഫെബ്രുവരിയിൽ നടക്കുന്ന കെ.എ.എസ്. പ്രിലിമിനറി പരീക്ഷയിൽ ഇത്തരം ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി എന്തെങ്കിലും ക്രമീകരണം നടത്തിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | (ബി) | സാദ്ധ്യമായ എല്ലാ വിധ സുരക്ഷാ ക്രമീകരണങ്ങളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി പി.എസ്.സി. ഉദ്യോഗസ്ഥർക്കും, ഇൻവിജിലേറ്റർമാർക്കും ആവശ്യമായ പരിശീലനവും നിർദ്ദേശവും നൽകുമോ; വ്യക്തമാക്കുമോ; | (സി) | പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് ആവശ്യമായ പരിശീലനം പി.എസ്.സി. ഉദ്യോഗസ്ഥർക്കും ഇൻവിജിലേറ്റർമാർക്കും നൽകുന്നുണ്ട്. |
| (ഡി) | പരീക്ഷകളിൽ ക്രമക്കേട് കാട്ടുന്നവരെ സ്ഥിരമായി ഡീബാർ ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ; വിശദവിവരം വെളിപ്പെടുത്തുമോ? | (ഡി) | പരീക്ഷകളിൽ ക്രമക്കേട് കാട്ടുന്നവരെ സ്ഥിരമായി വിലക്കേർപ്പെടുത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ പി.എസ്.സി. സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ